**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 82. 10.06.2019 -ലെ മറുപടിക്ക്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

ചോദ്യം

**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.പി.കെ. ശശി**
**ശ്രീ.സജി ചെറിയാൻ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് പ്രാപ്തമായ രീതിയിൽ അവയെ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമ വുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശാദായം സ്വീകരിക്കൽ, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 01.06.2016 മുതൽ 1000/- രൂപയായും 01.04.2017 മുതൽ 1100/- രൂപയായും 01.04.2019 മുതൽ 1200/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ആനുകൂല്യങ്ങൾ കുടിശ്ശികയാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണം സാധ്യമാക്കുന്നതിന് ഗ്രാന്റ് നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ആനുകൂല്യങ്ങൾ കുടിശ്ശികയാക്കിയ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാന്റ് ഇനത്തിൽ 130,00,00,000/- രൂപ (നൂറ്റി മുപ്പത് കോടി രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ പരിപാടിയുണ്ടോ; ഇതിനായി നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ? | (ഡി) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

Smith

സെക്ഷൻ ഓഫീസർ